# വരമൊഴി

## ജി എച്ച് എസ് എസ് മാറഞ്ചേരി



ഡിജിറ്റൽ മാഗസിൻ

2023 - 2024

" ആഴ്‌വാഞ്ചേരി തമ്പ്രാക്കളുടെ ചരിത്ര സ്മരണകൾ ഉറങ്ങുന്ന മണ്ണിൽ കണ്ണേങ്കലത്തു തറവാട്ടുകാരിൽ നിന്നുംദാനം കിട്ടിയ സ്ഥലത്ത് ഏകദേശംനൂറുവർഷം മുൻപ് 1917 ന് മാറഞ്ചേരി ഗവൺമെൻറ് സ്കൂളിന് തുടക്കം കുറിച്ചു അന്ന് ബോർഡ് എലമെൻററി സ്കൂൾ പൊന്നാനി എന്നായിരുന്നു പേര്."

ആദ്യനാളുകളിൽ കേവലം മൂന്ന് അധ്യാപകരാണ് സ്കൂളിനെ നയിച്ചത് 'അടിയോടി മാസ്റ്റർ സ്കൂൾ' എന്ന് നാട്ടുകാർ വിളിച്ചിരുന്ന സ്കൂൾ ക്രമേണ ലോവർ പ്രൈമറിയും അപ്പർ പ്രൈമറിയും ആയി ഉയർന്നു. പയ്യപ്പുള്ളി മുഹമ്മദ് കുട്ടി സാഹിബിന്റെ നേതൃത്വത്തിൽ ഈ കാലയളവിൽ ഉണ്ടായ അധ്യാപക രക്ഷാകർതൃ സമിതിയുടെ ആലോചന യോഗങ്ങൾ ഇത് ഹൈസ്കൂൾ ആയി ഉയർത്തേണ്ടതിന്റെ ആവശ്യകതയിലേക്ക് വിരൽചൂണ്ടി.




സ്കൂളിനോട് ചേർന്നുള്ള നാലേക്കർ 7 സെൻറ് സ്ഥലം ഏറ്റെടുക്കുന്നതിന് ആവശ്യമായ 21, 2700 രൂപ സ്കൂൾ സ്പോൺസറിംഗ് കമ്മിറ്റി വഹിക്കണമെന്നും ആറ് ക്ലാസ് മുറികളുള്ളകെട്ടിടങ്ങളും ഉപകരണങ്ങളും പിടിഎ നൽകണമെന്നുള്ള കരാർ വ്യവസ്ഥയിൽ ഇത് ഹൈസ്കൂൾ ആയി മാറി. ഇ.കൊച്ചുകുട്ടൻ രാജയായിരുന്നു ആദ്യ ഹൈസ്കൂൾ ഹെഡ്മാസ്റ്റർ.

പൂക്കയിൽ മുസ്തഫ എന്ന ഉദാഹരമതിയായ വ്യക്തി രണ്ട് ക്ലാസ് മുറികൾ സംഭാവന ചെയ്തതോടെ മാറഞ്ചേരിയുടെ ഭൗതിക പുരോഗതിക്ക് തുടക്കമായി അബുദാബി സാധു സംരക്ഷണ സമിതിയും കെ എംട്രേഡേഴ്സും നീട്ടിയ സഹായസഹകരണങ്ങളിലൂടെ, ക്ലാസ് മുറികളുടെ എണ്ണം കൂടി . പിന്നീട് 1998ൽ ഹയർസെക്കൻഡറി ആയി ഉയർന്നതോടെ അന്നത്തെ ഹെഡ്മാസ്റ്റർ ശ്രീമാൻ സിസി ചെറിയാൻ മാസ്റ്റർ ആദ്യ പ്രിൻസിപ്പാൾ ആയി .

പിടിഎയുടെയും ജനകീയ ആസൂത്രണ പദ്ധതിയുടെയും പിന്തുണയോടെ ചെറുപ്പക്കാരായ കുറെ അധ്യാപകരുടെ കർമ്മോത്സുകതയും ചെറിയാൻ മാസ്റ്ററുടെ നേതൃത്വവും കൂടിച്ചേർന്നപ്പോൾ മാറഞ്ചേരി ഗവൺമെൻറ് സ്കൂളിൻറെ മുഖച്ഛായ തന്നെ മാറി .ഏറ്റവും നല്ല പിടിഎക്കുള്ള സി എച്ച് മുഹമ്മദ് കോയ അവാർഡ് മാറഞ്ചേരിസ്കൂളിന് ലഭിച്ചു. അന്നത്തെ പിടിഎ പ്രസിഡൻറ് ശ്രീമാൻ ഇസ്മായിൽ മാസ്റ്റർ ആയിരുന്നു.

ശതമാനം 13ൽ നിന്നും 42 ലേക്ക് കുതിച്ചുയർന്നു ഇന്ന് സ്കൂൾ നേട്ടങ്ങളുടെ പാതയിലാണ് ത്രിതല പഞ്ചായത്തുകളിൽ നിന്ന് ലഭ്യമായ ക്ലാസ് മുറികളും എസ് എസ് എ പദ്ധതി വഴിയുള്ള സ്മാർട്ട് ക്ലാസ് മുറികളും എംഎൽഎ ഫണ്ടിൽ നിന്ന് അനുവദിച്ച തുകയും നാട്ടുകാർ സ്വരൂപിച്ച തുകയും ചേർത്ത് ലഭിച്ച വാഹനവും സ്കൂളിന്റെ മാറ്റ് കൂട്ടി സ്ഥലപരിമിതി മൂലം ശ്വാസം മുട്ടുന്നുണ്ടെങ്കിലും 2011-12 വർഷത്തിൽ എത്തിയപ്പോൾ വിജയശതമാന സൂചിക 99.6 ആയി ഉയർന്നു.



ഹൈസ്കൂൾ ഹെഡ്മിസ്ട്രസ് ശ്രീമതി ഭാനുമതി പട്ടല്ലൂരിന്റെയും ഹയർ സെക്കൻഡറി പ്രിൻസിപ്പാൾ ശ്രീമാൻ ഇബ്രാഹിം എരാളത്തിന്റെയും നേതൃത്വത്തിൽ 83 അധ്യാപകരും 18 ദിവസവേതനക്കാരും 9 അനധ്യാപക ജീവനക്കാരും 22 നേഴ്സറി വിദ്യാർത്ഥികളും 142 എൽ പി വിദ്യാർഥികളും 719 യുപി വിദ്യാർത്ഥികളും 1632 ഹൈസ്കൂൾ വിദ്യാർത്ഥികളും 720 ഹയർ സെക്കൻഡറി വിദ്യാർത്ഥികളും ചേർന്ന് ഒരേക്കർ 30സെൻറ് സ്ഥലപരിമിതിയും മറികടന്ന് പുതിയ ചരിത്രം കുറിക്കാനുള്ള തീവ്ര ശ്രമത്തിന്റെ ഫലമാണ് ഇന്നത്തെ മാറഞ്ചേരി ഗവൺമെൻറ് ഹയർ സെക്കന്ററി സ്കൂൾ.



ചരിത്രം ആലേഖനം ചെയ്ത
മാറഞ്ചേരിയുടെ യശസ്സ്
വാനോളം ഉയർത്തിയത് ഈ
വിദ്യാലയത്തിലെ
വിദ്യാർത്ഥികളാണ്. പ്രിയ
കുട്ടികളുടെ ഈ
പരിശ്രമത്തിന്
ആശംസകൾ നേരുന്നു....

ഹെസ് മിസ്ട്രസ്സ്

ശ്രീമതി എ. കെ. സരസ്വതി ടീച്ചർ

ഡെപ്യൂട്ടി .എച്ച്.എം

അജിത വി.എൻ

പി ടി എ പ്രസിഡന്റ്

പ്രസാദ് ചക്കാലക്കൽ

സ്റ്റാഫ് സെക്രട്ടറി

സ്മിത പി.ബി

# സനൻമയ 8 A

## പുഴയുടെ രോദനം

തൻ തൊണ്ടയൊന്നു നനയ്ക്കാനായി
കെഞ്ചുന്നു പുഴ പുലരിയോളം
കാത്തിരുന്നു കാർമുകിൽ ഒന്നു കരഞ്ഞിടാൻ
ദാഹിച്ച അവശയായി മാലിന്യത്തിന്പീഡനവും
സഹിച്ചു കിടന്നവൾ തൻ മകളായ ജലജീവനകളുടെ
കരച്ചിൽ കേൾക്കാൻ ആവാതെ ദുഃഖിതയായവൾ
അവളുടെ കിനാവ് എന്നപോലെ കിനാവെന്നപ്പോൾ
കാർമുകിൽ പൊട്ടിക്കരഞ്ഞു.
ആനന്ദത്താൽ അവളുടെ മാനവും ഹൃദയവും നിറഞ്ഞു
തൻ മക്കൾക്കാവുവോളം രത്ന കണങ്ങളെ നൽകിയവൾ
കുളിച്ച് തന്നിലെ അഴുക്കിനെ നീക്കി സുന്ദരിയായി ...
കളകള നാദം പാടി രസിച്ചവൾ
പിന്നീട് അവൾക്ക് അടങ്ങാൻ ആവാത്ത പ്രതികാരമായി
മഴയെ സ്വീകരിച്ച് കരകവിഞ്ഞൊഴുകി
അവൾ ദ്രോഹിച്ചവർക്കെതിരെ തൻപൂർവ്വ ശക്തിയുമായി പോരാടിയവൾ പോരാടി ....
മാനവരാശിയെ മതിയാവോളം പേടിപ്പിച്ചവൾ തൻറെ കോപം
ശമിച്ചപ്പോൾ ശാന്തയായവൾ ശാന്തയായി........

## കാവൽ....................

വഴിതെറ്റിയലയുന്ന പഥികർക്കുമുന്നിൽ
ഒരു തീപ്പന്തമായ് ജ്വലിക്കണം     നീ
തനിയെപ്പടരുവാൻ
ത്രാണിയില്ലാത്തോർക്കൊരു
താങ്ങുവടിയായ് കൂടെയുണ്ടാകണം
വിരിയുവാൻ വെമ്പുന്ന പൂമൊട്ടിലിന്നൊരു
കരതലം കൊള്ളാതെ കാക്കണം  നീ
ഇരുളും വെളിച്ചവും മാറിമറിയുമ്പോൾ
ഇടറാതെ കരളുറപ്പോടെ നിന്നിടേണം
ഉടയാത്ത മനസ്സുകൾക്കുണർവ്വേകുന്നൊരു
ഊർജ്ജപ്രവാഹമായ് മുന്നിലെത്തീടണം
ലഹരിക്ക് കുട ചൂടി നിന്നൊരാ ജന്മങ്ങൾ
മുളപൊട്ടിയുയരാതെ നോക്കിടേണം
കലിയുഗചേഷ്ടകൾ കാട്ടുമീ നാടിൻ
കാവലാളാകുവാൻ കച്ചകെട്ടീടണം.



**ദിവ്യ എൻ വി**

# വർണങ്ങൾ







**ആദി ലക്ഷ്മി.എം**







**ശ്രീരാം പി.മേനോൻ**







**മുഹമ്മദ് മിസ്ഹബ് ടി**



**ഹന എം  9 G**



**മീനാക്ഷി. കെ.പി 9 B**



**ഫാസി യാഹ് 9 B**